**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2949** **12-07-2022 - ൽ മറുപടിയ്ക്ക്**

**വളത്തിനും മറ്റുമായി ചെറുമത്സ്യങ്ങളെ ഉപയോഗിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത വള്ളങ്ങൾ പ്രത്യേകിച്ച് ഇൻബോർഡ് വള്ളങ്ങൾ വലിയ തോതിൽ ചെറുമത്സ്യങ്ങളെ പിടിച്ച് വളത്തിനും മറ്റുമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | ട്രോളിംഗ് നിരോധന കാലത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പരമ്പരാഗത വള്ളങ്ങൾ പ്രത്യേകിച്ച് ഇൻബോർഡ് വള്ളങ്ങൾ ചെറുമത്സ്യങ്ങളെ പിടിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും, കോസ്റ്റൽ പോലീസും സംയുക്തമായി കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾ കടലിൽ വച്ചും ഹാർബറിലും ലാൻഡിംഗ് സെന്ററിലും വച്ചും പിടികൂടി KMFR Act ലേയും KMFR Rule ലേയും ബന്ധപ്പെട്ട വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഇമ്പൗണ്ട് ചെയ്ത് ഉയർന്ന പിഴ അടക്കമുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു.<br>ചെറു മത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, ചെറു മത്സ്യങ്ങളെ പിടിക്കുന്നത് കൊണ്ടുള്ള ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യ പ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ